**കേരള സർക്കാർ**

സംഗ്രഹം

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ എൽ.ഡി. ക്ളാർക്കായിരിക്കെ മരണമടഞ്ഞ കുമാരി ശൈലജ. എസ്സിന്റെ മകളും ആശ്രിതയുമായ കുമാരി ദേവി.സി.എസ്-ന് ധനകാര്യ വകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകാൻ അനുമതി നൽകി ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

സ.ഉ. (കൈ) നം.**9/2016/**തസ്വഭവ.　　　　　　തീയതി, തിരുവനന്തപുരം, **23/01/2016.**

പരാമർശം : 1) ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24/5/1999.

2) കുമാരി ദേവി.സി.എസിന്റെ 25/02/2013 ലെയും 08/07/2013 ലെയും അപേക്ഷകൾ.

3) പഞ്ചായത്ത് ഡയറക്ടറുടെ 15/4/2013 ലെ ഇ 7-9469/2013 നമ്പർ കത്ത്.

4) കൊല്ലം ജില്ല കളക്ടറുടെ 30/7/2013 ലെ ഡി.ഡിസ് എസ്.4/30939/2013(1) നംപർ കത്ത്.

5) സർക്കാർ ഉത്തരവ് (എം.എസ്) നം.326/2015/പൊ.ഭ.വ, തീയതി, 28/12/2015.

## ഉത്തരവ്

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ എൽ.ഡി ക്ളാർക്കായിരിക്കെ മരണമടഞ്ഞ കുമാരി ശൈലജ. എസ്.ന്റെ മകളും ആശ്രിതയുമായ കുമാരി ദേവി.സി.എസിന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി പരാമർശം 2 പ്രകാരം അപേക്ഷ സമർപ്പിച്ചു. പരേതയായ ശൈലജക്ക് 16 വർഷവും 9 മാസവും 9 ദിവസവും സേവനകാലമുണ്ട്.

കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ എൽ.ഡി. ക്ളാർക്കായിരിക്കെ **1/10/2012** ലാണ് കുമാരി ശൈലജ.എസ്. നിര്യാതയാവുന്നത്. അപേക്ഷകയായ കുമാരി.ദേവി.സി.എസ്. പരേതയുടെ മകളാണ്. ടിയാൾ നിശ്ചിത സമയപരിധിയ്ക്കകം അപേക്ഷ നൽകിയിട്ടുണ്ട്.

അപേക്ഷകയുടെ ജനനതീയതി 24/12/1992 ആണ്. 21 വയസ്സ് പൂർത്തിയായിട്ടുണ്ട്. അപേക്ഷക ബി.എ. ഡിഗ്രി പരീക്ഷ പാസ്സായിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ കൊല്ലം ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിനാണ് ആദ്യം അപേക്ഷ സമർപ്പിച്ചതെങ്കിലും പരാമർശം 2 ലെ 08/07/2013 തീയതിയായ അപേക്ഷ പ്രകാരം സെക്രട്ടേറിയറ്റ് അസിസ്റ്റൻറ് തസ്തികയിൽ നിയമനം നൽകണമെന്ന് അപേക്ഷിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകയ്ക്ക് അർഹതയുണ്ട്.

അപേക്ഷയോടൊപ്പം പരേതയായ ശ്രീമതി.ശൈലജ.എസ്.ന്റെ മരണസർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ്, എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സേവന സാക്ഷ്യപത്രം, അപേക്ഷകയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത എന്നിവ തെളിയിക്കുന്ന രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷകയുടെ വരുമാന സർട്ടിഫിക്കറ്റ് , സത്യവാങ്മൂലം തുടങ്ങിയ രേഖകളെല്ലാം സമർപ്പിച്ചിട്ടുണ്ട്. അനന്തരാവകാശ സർട്ടിഫിക്കറ്റിലെ മറ്റ് അവകാശിയുടെ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. ടിയാളുടെ കുടുംബവാർഷിക വരുമാനം 3,75,000/- രൂപയാണ്. പഞ്ചായത്ത് ഡയറക്ടറും കൊല്ലം ജില്ലാകളക്ടറും അപേക്ഷ ശിപാർശ ചെയ്തിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ എൽ.ഡി ക്ലാർക്കായിരിക്കെ മരണമടഞ്ഞ കുമാരി ശൈലജ എസ്.ന്റെ മകളും ആശ്രിതയുമായ കുമാരി ദേവി.സി.എസ്.ന് പരാമർശം 5ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം 1 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരേതയായ ശൈലജ.എസ്.ന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തേണ്ടതാണ്. സർക്കാരിന്റെ വിവിധ ഏജൻസികൾ മുഖാന്തിരം നടത്തുന്ന അന്വേഷണത്തിലോ അപേക്ഷ നൽകുന്ന സമയത്തോ തെറ്റായ വിവരം നൽകുകയോ, യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്ത് ആശ്രിതനിയമനം കരസ്ഥമാക്കിയതായി വെളിപ്പെട്ടാൽ ടിയാളുടെ ആശ്രിതനിയമ വ്യവസ്ഥ പ്രകാരം നൽകുന്ന ജോലി അസാധുവാക്കുന്നതായിരിക്കും.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രത്തമ്മ.വി**
**ഗവ.ജോയിന്റ് സെക്രട്ടറി**

കുമാരി .ദേവി. സി.എസ്.പറങ്കിമാംവിള വീട്, കടവൂർ, പെരിനാട് പി.ഒ. കൊല്ലം-691 601 (രജിസ്റ്റേർഡ് തപാൽ മുഖാന്തിരം)
ധനകാര്യ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം
ജില്ലാ കളക്ടർ, കൊല്ലം
സെക്രട്ടറി, കരീപ്ര ഗ്രാമപഞ്ചായത്ത് , കൊല്ലം
പൊതുഭരണ(സി.ഇ).സെൽ വകുപ്പ്
ഡയറക്ടർ, ഐ. കെ. എം.(സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ